ഒൻപതു മണിപ്പൂ

- ബെന്നി

ഒൻപതു മണി നേരത്തെന്നും വിരിയുന്ന പൂ-
വദ്ഭുതം! പരിമളമെങ്ങും നിറഞ്ഞീടുന്നു.
എങ്ങും വേറെങ്ങും കാണില്ലീ മനോഹര ദൃശ്യം
എങ്ങോ നിന്നൈശ്വര്യം കൊണ്ടിങ്ങു വന്നാശ്ചര്യമായ്.

ദുഷ്കരമാം നീണ്ടൊരു ദിവസം മുന്നിൽ കണ്ടു
നിഷ്പ്രഭമായ മനം വിഷാദം പൂണ്ടീടുമ്പോൾ,
മുന്നിൽ വന്നാ പുഷ്പത്തിൻ നിർമ്മലമാം പുഞ്ചിരി
മന്നിതിലന്ധകാരമെല്ലാമകറ്റീടുന്നു.

ഈ ചെറു മന്ദസ്മിതമതു മാത്രം താൻ മതി
ഈ ഹൃദയപ്പൂവനി മലരായ് നിറഞ്ഞീടാൻ
ഇങ്ങു വിരിഞ്ഞെങ്ങുമേ പരക്കും പരിമളം
മങ്ങിയ മാനസങ്ങൾക്കുയിരേകും നിശ്വാസം

എന്നും വിരിഞ്ഞീടുവാൻ പാവം മാനസം പ്രാർത്ഥി-
ച്ചെന്നും നിർമ്മലമായി നില്ക്കുവാൻ കെല്പ്പേകണം.
സ്വൽപ്പനേരം തങ്ങുവാൻ കല്പ്പിച്ചു തന്നതാണീ
അൽപ്പമാം ഭൂമിയെന്നീ മനുഷ്യൻ മറന്നു പോയ്

....
....

നാളുകൾ പോയ് മറഞ്ഞു; ആളുകൾ വന്നു പോയി;
ആരുമറിഞ്ഞതില്ല കാലമിങ്ങനെ മാറും.
ഒരുനാളുണർന്നപ്പോൾ, ശാന്തമായ് നീങ്ങും നേരം,
വീണു വിതുമ്പുന്ന പുഷ്പത്തെ കണ്ടു ഞാൻ ഞെട്ടി.

ഹൃദയം വിങ്ങിത്തേങ്ങി; വേദനിച്ചസ്വസ്ഥമായ്;
ഹ്രസ്വകാലം വഴിഞ്ഞാ സൌന്ദര്യമെങ്ങോ മങ്ങി.
പ്രാണിയഴിച്ചഴിഞ്ഞാ പൂച്ചെടിയെന്തു കഷ്ടം!
വീണു വ്രണം പൂണ്ടതാം പുഷ്പമെത്ര വികൃതം!

എല്ലാം തുടച്ചു നീക്കി പുതുതായ് തുടങ്ങീടാൻ
മെല്ലെ നീങ്ങുന്ന നേരം ഹൃത്തടം വീണ്ടും തേങ്ങി.
നല്ല നാൾ വീണ്ടും വരും; ഭൂതകാലത്തിൽ തങ്ങാ-
നല്ലയെൻ ഗതിയെന്നു മാനസമുരുവിട്ടു.

ഒൻപതു മണി നേരത്തെന്നും വിരിയുന്ന പൂ-
വെൻ നിധിയെന്നോർത്തവൻ മർത്ത്യനെന്തൊരു മൂഢൻ
നിശ്ചിത നാൾ കഴിഞ്ഞാൽ ശേഷിപ്പതൊന്നു മാത്രം
നിശ്ചലമാം നിലാവിൽ നീറും സ്വപ്നങ്ങൾ മാത്രം